/61097/2022

<u>വനിതശിശുവികസനഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: ശ്രീമതി.പ്രിയങ്ക.ജി.IAS )

ഉത്തരവ് നം. DWCD/355/2022-ICDS A7

തീയതി. 02-10-2022

---

വിഷയം: വനിതശിശുവികസനവകുപ്പ്- മഹാത്മാഗാന്ധിദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) സാമൂഹ്യനീതിഡയറക്ടറുടെ 15/12/2017 തീയതിയിലെ ICDS/A7-16237/15 നമ്പർ ഉത്തരവ്.

2) ഈ കാര്യാലയത്തിലെ 01/08/2017,09/07/2018 തീയതികളിലെ ICDS/A7-16237/15 നമ്പർ ഉത്തരവ്.

3) ഈ കാര്യാലയത്തിലെ 22/01/2020, 25/01/2022, 25/08/2021 തീയതികളിലെ ICDS/A7-31434/19 നമ്പർ ഉത്തരവ്.

4 ) 30/06/2022 തീയതിയിലെ കോട്ടയം പ്രോഗ്രാം ആഫീസറുടെ പികെ/1167/22 നമ്പർ കത്ത്.

5) തൃശ്ശൂർ പ്രോഗ്രാം ആഫീസറുടെ 29/05/2022,02/08/2022 തീയതിയിലെ PO/TSR/D-860/19 നമ്പർ കത്ത്.

6) എറണാകുളം പ്രോഗ്രാം ആഫീസറുടെ 18/07/2022 തീയതിയിലെ പിഒ/ഇകെഎം/എ4-212/21 നമ്പർ കത്ത്.

7) പത്തനംതിട്ട പ്രോഗ്രാം ആഫീസറുടെ 20/07/2022 തീയതിയിലെ സി2-324/2021 നമ്പർ കത്ത്.

8) മലപ്പുറം പ്രോഗ്രാം ആഫീസറുടെ 05/07/2022 തീയതിയിലെ ബി-343/2021 നമ്പർ കത്ത്

വനിതശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകുകയും ആദ്യഘട്ടമായി സംസ്ഥാന സർക്കാർ 720 അങ്കണവാടി കെട്ടിടങ്ങളുടെ തുകയായ 14.40 കോടി രൂപ അനുവദിക്കുകയുമുണ്ടായി .ടി പദ്ധതി പ്രകാരം

കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS വിഹിതവും 2 ലക്ഷം രൂപ 60 : 40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. ആയത് പ്രകാരം ആദ്യഘട്ടമായി അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് വിഹിതമായി 2 ലക്ഷം രൂപ നിരക്കിലുള്ള 14.40 കോടി രൂപ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ട് നം 799011400000486 ലേക്ക് നിക്ഷേപിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി സൂചന (2) (3) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർമ്മാണാനുമതി നൽകിയിട്ടുള്ള 4 അങ്കണവാടികൾക്ക് ടി പദ്ധതി പ്രകാരം നിർമ്മാണം സാദ്ധ്യമാകാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനും പകരം സ്ഥലം ലഭ്യമായിട്ടുള്ള 4 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകുന്നതിനുമുള്ള ശുപാർശ പരാമർശം (4) (5) പ്രകാരം കോട്ടയം,തൃശ്ശൂർ പ്രോഗ്രാം ആഫീസർമാരും സമർപ്പിച്ചിട്ടുണ്ട്.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി സൂചന (2), (3) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർമ്മാണാനുമതി നൽകിയിട്ടുള്ള 3 അങ്കണവാടികൾക്ക് ടി പദ്ധതി പ്രകാരം നിർമ്മാണം സാദ്ധ്യമാകാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ശുപാർശ എറണാകുളം, പത്തനംതിട്ട, മലപ്പുറം പ്രോഗ്രാം ആഫീസർമാർ പരാമർശം (6) (7) (8) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രസ്തുത പ്രൊപ്പോസലുകൾ പരിഗണിച്ച് അനുബന്ധം (1) ൽ ചേർത്തിട്ടുള്ള 7 അങ്കണവാടികളെ ടി പദ്ധതിയിൽ നിന്നും ഒഴിവാക്കിയും , അനുബന്ധം (2 ) ൽ ചേർത്തിട്ടുള്ള 4 അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം

നിർമ്മിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു. ബന്ധപ്പെട്ട ശിശുവികസനപദ്ധതിആഫീസർമാർ നിർമ്മാണപുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പരാമർശം (2) (3) പ്രകാരമുള്ള ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

മിഷൻ ഡയറക്ടർ
MGNREGS, കവടിയാർ
തിരുവനന്തപുരം

(ഒപ്പ്)
വനിതശിശുവികസന ഡയറക്ടർ

<u>പകർപ്പ് :</u>

1. പ്രോഗ്രാം ആഫീസർ,
   കോട്ടയം/എറണാകുളം/പത്തനംതിട്ട/മലപ്പുറം/തൃശ്ശൂർ
2. ബന്ധപ്പെട്ട സിഡിപിഒമാർക്ക്
3. ഫയൽ/സ്റ്റോക്ക് ഫയൽ

Signed by Priyanka G
Date: 02-10-2022 12:13:51

/61099/2022

അനുബന്ധം-1

**MGNREGS പദ്ധതി പ്രകാരം നിർമ്മാണം സാദ്ധ്യമല്ലാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്ന 7 അങ്കണവാടികളുടെ ലിസ്റ്റ്**

**DWCD/355/2022 –ICDS A7 തീയതി :** 3/10/22

-

| ക്രമ നം | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി സെൻറർ നം |
|---|---|---|---|---|
| 1 | കോട്ടയം | വാഴൂർ | കറുകച്ചാൽ | 140 |
| 2 | തൃശ്ശൂർ | ചാലക്കുടി | കാടുകുറ്റി | 18 |
| 3 | തൃശ്ശൂർ | തളിക്കുളം | വാടാനപ്പിള്ളി | 116 |
| 4 | തൃശ്ശൂർ | ചാലക്കുടി അഡീഷണൽ | മേലൂർ | 93 |
| 5 | എറണാകുളം | കൂവപ്പടി | വേങ്ങൂർ | 162 |
| 6 | പത്തനംതിട്ട | മല്ലപ്പള്ളി | കോട്ടാങ്ങൽ | 92 |
| 7 | മലപ്പുറം | വേങ്ങര അഡീഷണൽ | പറപ്പൂർ | 85 |

വനിതശിശുവികസനഡയറക്ടർ

Signed by Priyanka G
Date: 02-10-2022 12:15:03

/61098/2022

<u>അനുബന്ധം-2</u>

**MGNREGS പദ്ധതി പ്രകാരം നിർമ്മാണാനുമതി നൽകുന്ന 4 അങ്കണവാടികളുടെ ലിസ്റ്റ്**

**ഉത്തരവ് നം DWCD/355/2022-ICDS A7 തീയതി:** 21/10/22

| ക്രമ നം | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി സെൻറർ നം |
|---|---|---|---|---|
| 1 | കോട്ടയം | പാമ്പാടി | പള്ളിക്കത്തോട് | 81 |
| 2 | തൃശ്ശൂർ | ചാലക്കുടി | കാടുകുറ്റി | 16 |
| 3 | തൃശ്ശൂർ | തളിക്കുളം | വാടാനപ്പിള്ളി | 39 |
| 4 | തൃശ്ശൂർ | ചാലക്കുടി അഡീഷണൽ | മേലൂർ | 110 |

Signed by Priyanka G
Date: 02-10-2022 12:14:33